5. സൺടെക്

6. സ്കയർ ഡീൻ

7. എന്റർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്

കെ.എസ്.ഐ.ഡി.സി.യെ സമീപിച്ചിട്ടുള്ളവരുടെ (ധാരണാപത്രങ്ങൾ ഒപ്പുവച്ചവ) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.†

(സി) ടെക്നോപാർക്കിലെ വ്യവസായങ്ങൾ എല്ലാം സോഫ്റ്റ് വെയർ, ഐ.റ്റി.രംഗങ്ങളിലാണ്. കെ.എസ്.ഐ.ഡി.സി.യെ സംബന്ധിച്ച വിവരം അനുബന്ധം 2-ൽ† ഉൾപ്പെടുത്തിയിട്ടുണ്ട്.

വ്യാവസായിക വളർച്ചാ നിരക്ക്

3 (2059)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ വ്യാവസായിക വളർച്ചാ നിരക്ക് എത്രയായിരുന്നു;

(ബി) ഇപ്പോൾ അത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യാവസായിക വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-ലെ വ്യാവസായിക വളർച്ചാ നിരക്ക് 5.85 ആയിരുന്നു.

(ബി) 1998-99-ലെ വളർച്ചാ നിരക്ക് 7.10 ആണ്.

(സി) അനുബന്ധമായി നൽകിയിരിക്കുന്നു†.

വ്യാവസായിക വികസനം

4 (2060)ശ്രീമതി റോസമ്മ ചാക്കോ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ വ്യവസായ വികസനം മാത്രം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന ഒരു വിംഗ് ഉണ്ടോ;

(ബി) എങ്കിൽ അതിന് ഈ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായി എന്നു പറയുമോ;

---

† അനുബന്ധം II

† അനുബന്ധം II A

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly